ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

0471 2561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ക്യു.ഐ.പി ഡെപ്യൂട്ടേഷൻ എം.ടെക് (2022-23 അഡ്മിഷൻ) കോഴ്സ് പൂർത്തീകരിച്ച സർക്കാർ പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിലെ ജീവനക്കാർക്ക് - പുനർ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജീവനക്കാര്യം ( സി) വിഭാഗം**

നം. EC5/36764/22/DTE തിരുവനന്തപുരം, തീയതി : 25-07-2024

വായന :-

1. 03-09-2022 ലെ GO(Rt)No. 1336/2022/HEdn.
2. 05-09-2022 ലെ ഈ ഓഫീസിലെ നടപടിക്രമം നം.L2/4006/22/DTE.
3. 20-06-2024 ലെ മുട്ടം, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ B1/2894/24/ജിപിസി-എംടിഎം നമ്പർ കത്ത്.
4. 01-07-2024 ലെ വണ്ടിപ്പെരിയാർ, സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിന്റെ E/939/24/ജിപിസി-വിപിആർ നമ്പർ കത്ത്.

**ഉത്തരവ്**

വായന (1) ലെ ഉത്തരവുകൾ പ്രകാരം, വിവിധ സർക്കാർ പോളിടെക്നിക് കോളേജുകളിലെ **ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്** തസ്തികയിലെ ജീവനക്കാർക്ക്, ക്യു.ഐ.പി ഡെപ്യൂട്ടേഷൻ പ്രകാരം എം.ടെക് കോഴ്സ് (2022-23 അഡ്മിഷൻ) ഉപരിപഠനത്തിനായി അനുമതി നൽകുകയുണ്ടായി. ഡെപ്യൂട്ടേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ജീവനക്കാർ പുനർനിയമനത്തിനായി വായന (3), (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ, ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരെ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ പുനർനിയമനം നൽകി ഉത്തരവാകുന്നു.

| **ക്രമ നം.** | **പേര്, തസ്തിക, സ്ഥാപനം, ക്യൂ.ഐ.പി സെന്റർ.** | **പുനർനിയമനം നൽകുന്ന സ്ഥാപനം** |
|---|---|---|
| 1. | **ശ്രീമതി. റിങ്കു ജോസഫ് (PEN: 774123)**<br>ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്,<br>സർക്കാർ പോളിടെക്നിക് കോളേജ്, മുട്ടം<br>(QIP centre: എൻ ഐ ടി കോഴിക്കോട്) | **സർക്കാർ പോളിടെക്നിക് കോളേജ്, പാലാ**<br>(നിലവിലെ ഒഴിവിൽ) |
| 2. | **ശ്രീ. അഖിൽ പി സാനു (PEN: 842937)**<br>ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്,<br>സർക്കാർ പോളിടെക്നിക് കോളേജ്, വണ്ടിപ്പെരിയാർ.<br>(QIP centre: എൻ ഐ ടി കോഴിക്കോട്) | **സർക്കാർ പോളിടെക്നിക് മുട്ടം**<br>(നിലവിലെ ഒഴിവിൽ) |

- ക്യു.ഐ.പി ഡെപ്യൂട്ടേഷനായി മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തു രണ്ട്

വർഷകാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്കോ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതിൻപ്രകാരം മേൽ ജീവനക്കാർ ജോലിയിൽ പുന:പ്രവേശിക്കേണ്ടതാണ്.

- രണ്ട് വർഷത്തെ ഡെപ്യൂട്ടേഷൻ കാലയളവ് പൂർത്തീകരിച്ചതും, എന്നാൽ കോഴ്സ് പൂർത്തീകരിക്കാത്തതുമായ ജീവനക്കാർ, ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്ത്, വിടുതൽ സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ശേഷം ടി ഉദ്യോഗസ്ഥർ അർഹതപ്പെട്ട അവധിയെടുത്ത് കോഴ്സ് പൂർത്തീകരിക്കേണ്ടതും, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ, സ്ഥാപനമേധാവി മുഖേന ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.
- എന്നാൽ മാതൃ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത ഡെപ്യൂട്ടേഷൻ കാലയളവായ രണ്ട് വർഷം പൂർത്തിയാകുന്നതിനു മുൻപ് (Late admission) കോഴ്സ് പൂർത്തീകരിക്കുന്ന ജീവനക്കാർ, കോഴ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക്, കോഴ്സ് പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് സഹിതം പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.
- നിയമനം നല്കിയ സ്ഥാപനങ്ങളിലേക്ക് 2024 പൊതു സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അർഹമായ അപേക്ഷകൾ പരിഗണിക്കപ്പെടുകയാണെങ്കിൽ, ടി ജീവനക്കാരെ പുനർനിയമനം ലഭിച്ച സ്ഥാപനത്തിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥരെ, പുനർനിയമനം നൽകപ്പെട്ട സ്ഥാപനങ്ങളിലെ സ്ഥാപനമേധാവികൾ, ബന്ധപ്പെട്ട ജീവനക്കാരുടെ ക്യു.ഐ.പി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ്/കോഴ്സ് പൂർത്തീകരിച്ച സാക്ഷ്യപത്രം പരിശോധിച്ച് പുന:പ്രവേശനം അനുവദിക്കേണ്ടതും, ഇവരുടെ ചേരുംകാലം ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

SHALIJ P R
DIRECTOR(I/C)

സ്വീകർത്താവ്,

1. ബന്ധപ്പെട്ട ജീവനക്കാർ/ സ്ഥാപന മേധാവികൾ (www.dtekerala.gov.in വെബ്സൈറ്റ് മുഖാന്തിരം).

പകർപ്പ്

1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (വെബ് സൈറ്റ് മുഖാന്തിരം).
2. അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, കോട്ടയം.
3. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Shalij P R
Date: 25-07-2024 18:53:30